കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

രാമങ്കരി ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്
2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.10-45/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല
ഫോൺ – 0477-2252753
ഇമെയിൽ -ddhglfalpy@gmail.com

തീയതി,23/1/2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

രാമങ്കരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : രാമങ്കരി ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.10-45/17 തീയതി, 23/1/2017

# ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 31.05.2016 മുതൽ 09.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 09.01.2017മുതൽ 16.01.2017 വരെ | ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രാജശ്രീ. വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രഞ്ജു പ്രകാശ്, ഓഡിറ്റർ<br>ശ്രീ. കെ.ബി.സുനിൽ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീ.സി.പി.ബ്രീവൻ | 01.04.2015 മുതൽ 30.10.2015 വരെ |
| 2. | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 31.10.2015 മുതൽ 18.11.2015 വരെ |
| 3. | ശ്രീമതി.മഞ്ജു | 19.11.2015 മുതൽ 31.03.2016 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.സന്തോഷ് മാത്യു | 01.04.2015 മുതൽ 31.03.2016 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.സുശീല ബാബു | 01.04.2015 മുതൽ 30.10.2015 വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി.ടി.നളിനി | 19.11.2015 മുതൽ 31.03.2016 വരെ |
| 2 | വികസനകാര്യം | ശ്രീ.പി. പ്രസന്നൻ | 01.04.2015 മുതൽ 30.10.2015 വരെ |
| | | ശ്രീമതി.ബിന്നിമോൾ | 19.11.2015 മുതൽ 31.03.2016 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.വി.വി.പ്രസന്ന | 01.04.2015 മുതൽ 30.10.2015 വരെ |
| | | ശ്രീ.വിഷ്ണു വിജയൻ | 19.11.2015 മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | ശ്രീ.ജോസഫ് ചേക്കോടൻ | 01.04.2015 മുതൽ 30.10.2015 വരെ |
| | | ശ്രീമതി.അന്നമ്മ | 19.11.2015 മുതൽ 31.03.2016 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.നിസാം.എ.എച്ച് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.ഓസ്വിൻ ക്ലെമന്റ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.വിനിത | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ഡോ.ജോസ് മാത്യൂ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സ്വപ്ന സലിം | 01.04.2015 മുതൽ 31.07.2015 വരെ |
| | | 1.08.15 മുതൽ 9.01.16 വരെ ഒഴിവ് |
| | ശ്രീമതി.ഷീല ദേവസ്യ | 10.01.2016 മുതൽ 31.03.2016 വരെ |
| പ്രധാനാധ്യാപിക | ശ്രീമതി.ലളിതാംബിക അന്തർജനം | 01.04.2015 മുതൽ 09.06.2015 വരെ |
| | ശ്രീമതി. ആരിഫ ബീവി | 10.06.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ലീന.ആർ.എസ് | 01.04.2015 മുതൽ 20.05.2015 വരെ |
| | ശ്രീമതി.ആശ രാജ്.ആർ | 20.05.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ | ശ്രീ.സുമേഷ് | 01.04.2015 മുതൽ 31.03.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ജ്യോലാദേവി.പി | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഹരികൃഷ്ണൻ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-12 |
| | ഭാഗം-2 | |
| 2 | രസീത് ബുക്ക് -ഒരേ രശീതി നമ്പരിലുള്ള ഒന്നിലധികം രശീതി പുസ്തകങ്ങളുടെ ഉപയോഗം | 2-1 |
| 3 | തൊഴിൽ നികുതി - മുഴുവൻ തുകയും ഈടാക്കിയിട്ടില്ല | 2-2 |
| 4 | പരസ്യനികുതി ഈടാക്കുന്നില്ല-വരുമാന നഷ്ടം | 2-3 |
| 5 | ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 2-4 |
| | ഭാഗം 3 | |
| 6 | ആർ.ഒ പ്ലാന്റ് നിർമ്മാണം-നിർവ്വഹണത്തിലെ അപാകതകൾ | 3-1 |
| 7 | പ്ലാൻ അക്കൗണ്ടിൽ ലക്ഷങ്ങൾ ശേഷിക്കുന്നു. | 3-2 |
| 8 | പഞ്ചായത്ത് കെട്ടിടം റൂഫിംഗ് -പ്രവൃത്തി പൂർത്തിയാക്കിയില്ല- പാർട്ട് ബില്ലിൽ നിന്നും ടെൻഡർ വ്യതിയാനം കുറവാക്കാത്തത് മൂലം കരാറുകാരന് അധികതുക നൽകി | 3-3 |
| 9 | പാലിയേറ്റീവ് പരിചരണം -അപാകതകൾ | 3-4 |
| 10 | മീഡിയാശ്രീ-- പദ്ധതി നടപ്പായില്ല. | 3-5 |
| 11 | ഓണം അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല. | 3-6 |
| 12 | DSRനേക്കാൾ അധികനിരക്ക് നൽകി | 3-7 |
| 13 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്. | 3-8 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ | 3-9 |

| | | |
|---|---|---|
| 15 | ലൈബ്രറി സെസ്സിനത്തിൽ ലഭിച്ച തുക ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നില്ല | 3-10 |
| 16 | ചലഞ്ച്ഫണ്ട് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. | 3-11 |
| 17 | തെരുവ് വിളക്ക് വൈദ്യുത ചാർജ് ---ഓർഡിനറി ബൾബുകളുടെ ഉപയോഗം വൈദ്യുത ചാർജ്ജ് കൂടുതൽ അടവാക്കുന്നു. | 3-12 |
| 18 | ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നല്കുന്നതിൽ വിമുഖത | 3-13 |
| 19 | വെള്ളക്കരം - സംയുക്ത പരിശോധന റിപ്പോർട്ട് -ഹാജരാക്കിയിട്ടില്ല | 3-14 |
| 20 | നെൽവിത്ത് വിതരണം--തുക ക്യാഷായി നല്കി. | 3-15 |
| 21 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി--പകുതിയിലേറെ പ്രവർത്തിക്കുന്നില്ല. | 3-16 |
| | ഭാഗം 4 | |
| 22 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015തീയതിയിലെ 1-ാംതീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 53869330 | 50873100 |

യഥാർത്ഥ വരവ് ചെലവുകൾ പ്രതീക്ഷിത വരവു ചെലവുകളിൽ നിന്നും തുലോം വിഭിന്നമാണ്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 22.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14169094 |
| വരവ് | 19531962 |
| ആകെ | 33701056 |
| ചെലവ് | 28786618 |
| നീക്കിയിരിപ്പ് | 4914438 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | T.C ചെയ്തു ലഭിച്ച തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ | ചെലവ് | TC ചെയ്തു നൽകിയ തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1108899 | 2735701 | 6169013 | 1313098 | 5157698 | 5157698 | - | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1667638 | - | 3154000 | 1432645 | 3100283 | 2457947 | 642336 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 1224273 | 1002569 | 2550000 | 668716 | 2895558 | 2895558 | - | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2098310 | - | 2320000 | 692420 | 2790730 | 1788161 | 1002569 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1482573 | - | 4404652 | 3733041 | 5215614 | 3331664 | 1883950 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 541079 | - | 209415 | 207926 | 749005 | 539590 | 209415 | 0 | 100 |
| എം.എൻ.ആർ. | 48992 | - | - | 16262071 | 16311063 | 16310783 | - | 280 | 99 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ഇ. ജി.എസ്. | | | | | | | | | |
| ബി ഫണ്ട് | 0 | - | - | 14298895 | 14298895 | 14298895 | - | 0 | 100 |

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 32217726 | 83 | 19220997 | 21 | 33 | 64.23 |

1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 18.61 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2048453 | 1596545 | (-)451908 | (-)22 |
| നികുതിയേതര വരവുകൾ | 397383 | 461516 | (+)64133 | (+)16.14 |
| മറ്റ് വരവുകൾ | 351301 | 218493 | (-)132808 | (-)37.8 |
| ആകെ | 2797137 | 2276554 | (-)520583 | (-)18.61 |

1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 177840 | 132 |
| കർഷകതൊഴിലാളി പെൻഷൻ | 6049410 | 860 |
| വിധവാപെൻഷൻ | 2804880 | 304 |
| വാർദ്ധക്യകാലപെൻഷൻ | 3583620 | 649 |
| വികലാംഗപെൻഷൻ | 1383145 | 141 |
| അവിവാഹിതപെൻഷൻ | 180000 | 21 |

| | | |
|---|---|---|
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 120000 | 4 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 596രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ ജി.ഒ(എം.എസ്)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം പൊതുജനങ്ങൾക്ക് ആവശ്യമായ ഭൗതികസാഹചര്യം ഒരുക്കിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. വിവിധ വരവിനങ്ങളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.2017 | 12/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.06.2005 | 2004-05 | 14.07.2005 |

1-12 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം,അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തിനും ഒരു പ്രമേയം മൂലം ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമൊരു നിധി രൂപീകരിച്ചിട്ടില്ല. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് ബുക്ക് - ഒരേ രശീതി നമ്പരിലുള്ള ഒന്നിലധികം രശീതി പുസ്തകങ്ങളുടെ

**ഉപയോഗം**

പഞ്ചായത്തിൽ പണം പിരിവുകൾക്കായി ഉപയോഗിച്ചു വരുന്നതും, ഉപയോഗിക്കാനിരിക്കുന്നതുമായ ഗ്രാമലക്ഷ്മി മുഖേന ലഭ്യമാക്കിയ 41295 മുതൽ 41319 വരെ നമ്പറിലുള്ള 25 രസീത് ബുക്കുകളുടെ (ബിൽ തീയതി 07-11-2016) സ്റ്റോക്ക് പരിശോധിച്ചതിൽ, ഇതേ നമ്പരിലുള്ള 20 രസീത് ബുക്കുകൾ (41295 – 41314 ബിൽ തീയതി 10-01-2014) 2013-14 ൽ ഉപയോഗത്തിലിരുന്നതും, 14-12-2016 ൽ അവ ഉപയോഗിച്ചു കഴിഞ്ഞതുമാണ്. ഇങ്ങനെ 41295 മുതൽ 41314 വരെയുള്ള രസീത് ബുക്കുകൾ ഇരട്ടിപ്പ് വരാനും, അവ സ്റ്റോക്കിൽ ഉൾപ്പെടുത്താനുമുണ്ടായ സംഗതിയിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/ 12-01-2017) നല്കിയ മറുപടിയിൽ , പിശക് ബോദ്ധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എന്ത് തുടർ നടപടി സ്വീകരിക്കണമെന്ന് ആരാഞ്ഞ് ഡിഡിപിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - മുഴുവൻ തുകയും ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,അർദ്ധവർഷ പത്രികകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.ലൂർദ്ദ് ഹോസ്പിറ്റൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2.കെ.എസ്.ഇ.ബി,രാമങ്കരിയിൽ നിന്നും രണ്ടാം അർദ്ധവർഷം സ്ഥാപനനികുതി (1250/-) ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന് 2015-16 വർഷം നഷ്ടമായ തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 പരസ്യനികുതി ഈടാക്കുന്നില്ല-വരുമാന നഷ്ടം

2015 – 16 സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ പ്രകാരം, പരസ്യ നികുതി ഇനത്തിൽ പഞ്ചായത്തിന് വരവില്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം ഉൾപ്പെടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പരസ്യങ്ങൾ പ്രദർശിപ്പിച്ചു കൊണ്ടുള്ള ഹോർഡിംഗുകൾ, ബാനറുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇപ്രകാരം പരസ്യങ്ങൾ സ്ഥാപിച്ചവരിൽ നിന്നും നിയമാനുസൃതമായ പരസ്യ നികുതി ഈടാക്കാഞ്ഞതിനുള്ള കാരണം അന്വേഷിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് ( നം.19/13-1-17) ബൈലോ തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും ഈ സാമ്പത്തിക വർഷം തന്നെ പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ ചട്ടം 3 ൽ ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല. ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫാറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് 15ദിവസത്തിൽ കുറയാത്ത കാലയളവിന് മുൻപായി സെക്രട്ടറിക്ക് സമർപ്പിയ്ക്കേണ്ടതാണ്. തുടർന്ന്, ടി അപേക്ഷ സെക്രട്ടറി പരിശോധിച്ച് രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 പ്രകാരമുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം രേഖപ്പെടുത്തി കഴിഞ്ഞാൽ മാത്രമേ ആ സ്ഥാപനം രജിസ്റ്റർ ചെയ്തതായി കണക്കാക്കുകയുള്ളൂ. കൂടാതെ, രജിസ്റ്റർ ചെയ്യപ്പെട്ട് കഴിഞ്ഞാൽ സെക്രട്ടറി അപേക്ഷകന് ഫാറം 3ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

ഓഡിറ്റ് വിഭാഗം ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയ്ക്കുള്ളിൽ നടത്തിയ ഭൗതിക പരിശോധനയിൽ, ബ്രില്ല്യന്റ് കോളേജ് എന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണാൻ കഴിഞ്ഞു. എന്നാൽ, പഞ്ചായത്തിൽ ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു രേഖയും (ഫയൽ, രജിസ്റ്റർ) സൂക്ഷിച്ചിട്ടില്ല. തന്മൂലം, രജിസ്ട്രേഷൻ ഫീസ്, പുതുക്കൽ ഫീസ് എന്നീ ഇനങ്ങളിൽ ലഭിയ്ക്കേണ്ട വരുമാനം പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. സ്ഥാപനം രജിസ്റ്റർ ചെയ്യുന്നവെന്ന് ഉറപ്പ് വരുത്തേണ്ടതും ഈ ഇനത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആർ.ഒ പ്ലാന്റ് നിർമ്മാണം-നിർവ്വഹണത്തിലെ അപാകതകൾ

14.03.2012-ലെ സ.ഉ(സാധാ) നം.596/2012/എ.ഡി. പ്രകാരം 2012-13 വർഷം രാമങ്കരി ഗ്രാമ പഞ്ചായത്തിന്, കുട്ടനാട് പാക്കേജിൽപ്പെടുത്തി 6 റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 3000000 രൂപയും പുനരുദ്ധാരണപ്രവത്തികൾക്ക് 480000 രൂപയും ലഭിച്ചിരുന്നു. M/s Hi Tech sweet water Pvt Ltd, ഗുജറാത്ത് എന്ന സ്ഥാപനം വഴിയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്.

1. 2012-13 വർഷം പ്ലാന്റ് നിർമ്മാണത്തിന് തുക ലഭിച്ചെങ്കിലും ഇതുവരെയും പ്രോജക്ട് പൂർത്തിയാക്കിയിട്ടില്ല. 6 സ്ഥലങ്ങളിലാണ് ആർ.ഒ പ്ലാന്റ് നിർമ്മിക്കാൻ കരാർ വച്ചതെങ്കിലും 5 പ്ലാന്റുകളുടെ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. സ്രോതസ്സ് ജലം സംബന്ധിച്ച പ്രശ്നത്താലും പ്ലാന്റ് സ്ഥാപിക്കാനുള്ള സ്ഥലം അനുയോജ്യമല്ലാത്തതിനാലും ആണ് 6-ാമത്തെ പ്ളാന്റ് നിർമ്മിക്കാത്തതെന്നാണ് സെക്രട്ടറി 14.01.2017-ലെ ഓഡിറ്റ് എൻക്വയറി നം.13-ന് മറുപടി നൽകിയിട്ടുള്ളത്.
2. സ്ഥാപനവുമായി 02.01.2014-ൽ വച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധി 15.01.2014 ആണ്. ഇതിനുശേഷം 20.6.2014, 31.08.2014, 31.10.2015 തീയതികൾ വരെ സ്ഥാപനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രവ്യത്തിയിൽ കാലതാമസം വരുത്തിയതിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. കരാറിൽ പിഴ സംബന്ധിച്ച വ്യവസ്ഥകളോ കരാർ ലംഘനത്തിനെതിരെ സ്വീകരിക്കുന്ന നടപടിക്രമങ്ങളോ ചേർത്തിട്ടില്ല. ഇത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. കാലാവധി ദീർഘീകരണത്തിൽ 2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.
3. 2015-16 വർഷം നിർമ്മാണം പൂർത്തിയാക്കിയ വാർഡ് 1 ൽ മണലാടി കോട്ടയ്ക്കൽ കുളത്തിനു സമീപമുള്ള പ്ലാന്റും , വേഴപ്ര യു.പി സ്കൂളിലുള്ള പ്ലാന്റും ഓഡിറ്റ് ടീം സന്ദർശിച്ചു.മണലാടി കോട്ടയ്ക്കൽ കുളത്തിനു സമീപമുള്ള പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നതായി കണ്ടു. എന്നാൽ വേഴപ്ര യു.പി സ്കൂളിലുള്ള പ്ലാന്റ് പ്രവർത്തിക്കുന്നില്ല. ഈ പ്ലാന്റിന്റെ ജല സ്രോതസ്സായ കിണർ കുറച്ച് മാത്രം വെള്ളം ലഭ്യമായതും വേനൽ കാലത്ത് വറ്റിപ്പോകുന്നതുമാകയാൽ പ്ലാന്റിന്റെ പ്രവർത്തനത്തിന് അപര്യാപ്തമാണ്. മതിയായ പഠനം നടത്താതെയാണ് പ്രോജക്ടിനുള്ള സ്ഥലം കണ്ടെത്തിയതെന്ന് ഇതിൽനിന്നും വ്യക്തമാണ്.
4. പ്രോജക്ടിനായി ലഭിച്ച തുക SBT അക്കൗണ്ട് നം.67192975333-ലാണ് നിക്ഷേപിച്ചിട്ടുള്ളത്.ഇൻസ്റ്റലേഷനായി ലഭിച്ച തുകയിൽ 660000 രൂപ ആർ.ഒ പ്ലാന്റ് പ്രോജക്ട് ലെയ്സൺ ഓഫീസറുടെ അക്കൗണ്ടിലേക്കും പുനരുദ്ധാരണപ്രവ്യത്തികൾക്ക് ലഭിച്ചതുകയിൽ 480000 രൂപ ചലാൻ നം.246/30.03.2015 പ്രകാരവും തിരികെ നൽകിയിട്ടുണ്ട്. 25.12.2016-ൽ പലിശയുൾപ്പെടെ 895661രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പ് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ നിർദ്ദേശാനുസരണം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. പ്രവൃത്തിയുടെ നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം 19250 രൂപ അടവാക്കിയിട്ടില്ല. ആയത് അടവാക്കേണ്ടതാണ്.

ചെലവഴിച്ച തുകയുടെ വിവരം

| ചെക്ക് നം./തീയതി | തുക | വിവരണം |
|---|---|---|
| 499327/21.06.2014 | 596518 | 2പ്ലാന്റിന്റെ ചെലവ് |
| 499329/04.12.2014 | 298259 | 1 “ |
| 499331/05.10.2015 | 596518 | 2 “ |
| 499332/30.03.2016 | 39080 | ആദായനികുതി |

| | | |
|---|---|---|
| 499333/31.03.2016 | 279125 | VAT |

എല്ലാ പ്ലാന്റുകളും പ്രവർത്തനക്ഷമമാക്കുന്നതിനും, ഇനിയും പൂർത്തിയാക്കുവാനുള്ളത് അടിയന്തിരമായി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പ്ലാൻ അക്കൗണ്ടിൽ ലക്ഷങ്ങൾ ശേഷിക്കുന്നു.

വികസനഫണ്ട് തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് നിക്ഷേപിക്കുന്ന സെക്രട്ടറിയുടെ പ്ലാൻ അക്കൗണ്ടിൽ (SBT.ac.no.57046240039) 31.3.16 ൽ 1,86,706/-രൂപ നീക്കിയിരിപ്പുണ്ട്. നിലവിൽ പലിശ ഉൾപ്പെടെ 1,94,252/- രൂപയും ശേഷിക്കുന്നു.അക്കൗണ്ടിൽ ഇത്രയും തുക ബാലൻസ് വരാനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് (നം.1/11-1-17) 2003-04 ൽ വാട്ടർ അതോറിറ്റിയിൽ നിക്ഷപിച്ച ഡെപ്പോസിറ്റ് തുക പദ്ധതി നടപ്പാക്കാതെ തിരികെ ലഭിച്ചതാണെന്ന് സെക്രട്ടറി വാക്കാൽ അറിയിച്ചു. തുക എന്ന് ലഭിച്ചതാണെന്ന് അറിയിച്ചിട്ടില്ല. മുൻവർഷത്തെ പദ്ധതികളുടെ ചെലവഴിക്കാത്ത തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഇതുവരെ അടവാക്കാതിരുന്നത് ഗുരുതരമായ അപാകതയാണ്.തിരിച്ചടയ്ക്കേണ്ട ഹെഡ് അറിയാതിരുന്നതിനാലാണ് തുക അടവാക്കാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കി.അടിയന്തിരമായി പലിശ ഉൾപ്പടെയുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-3 പഞ്ചായത്ത് കെട്ടിടം റൂഫിംഗ് -പ്രവൃത്തി പൂർത്തിയാക്കിയില്ല- പാർട്ട് ബില്ലിൽ നിന്നും ടെൻഡർ വ്യതിയാനം കുറവാക്കാത്തത് മൂലം കരാറുകാരന് അധികതുക നൽകി

ബിൽ വിവരങ്ങൾ

ബിൽ ക്രമനം.61/ 2015-16 തീയതി, 31.03.2016 322410/-

അളവ് പുസ്തകം നം.48/15-16

1. പഞ്ചായത്ത് കെട്ടിടം റൂഫിംഗ് (പ്രോജക്റ്റ് നം.128/16)എന്ന പ്രോജക്റ്റിനായി ടെൻഡർ ക്ഷണിച്ച് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 15.2% കുറവ് തുക രേഖപ്പെടുത്തിയ ശ്രീ.പി.ജെ.ആന്റണി, പട്ടത്താനം ഹൗസ് എന്ന കരാറുകാരനാണ് പ്രവൃത്തി നൽകിയത്. 490000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഈ പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 322410 രൂപയാണ്. ഈ തുകയിൽ നിന്നും ടെൻഡർ വ്യതിയാനം 15.2% കുറവാക്കാത്തതുമൂലം 49006 രൂപ കരാറുകാരന് അധികം നൽകാനിടയായിട്ടുണ്ട്. ആകെ മൂല്യത്തിൽ നിന്നും VAT 4% 12896/-, IT 1% 3224/-, KCWWF 1% 3224/-, റീടെൻഷൻ 32241/- എന്നിവ കുറവാക്കിയതിനു ശേഷം 270825 രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ടെൻഡർ വ്യതിയാനം കുറവാക്കാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് 14.01.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.14-ന് ടെൻഡർ വ്യതിയാനം കുറവാക്കുവാൻ വിട്ടുപോയിട്ടുള്ളതിനാൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ കരാറുകാരൻ ഇതുവരെ പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ടിയാളിൽ നിന്നും പിടിച്ചിട്ടുള്ള റീടെൻഷൻ കഴിച്ചുള്ള തുക 16765 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
2. 29.03.2016-ൽ അവസാനത്തെ അളവ് രേഖപ്പെടുത്തിയതിനുശേഷം, ഇതുവരെ കരാറുകാരൻ ബാക്കി പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാത്തതിന്മേൽ കരാറുകാരനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ ആവശ്യപ്പെട്ടതിന്, ബില്ലിൽ സേവിംഗ്സ് വന്നിരുന്നതിനാൽ തുടർന്ന് എന്ത് വർക്ക് ചെയ്യണമെന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം ആവശ്യമായതിനാൽ ആയത് ലഭിച്ചതിനുശേഷം വർക്ക് പൂർത്തീകരിക്കുന്നതായിരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.
3. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എന്നുവരെയാണെന്ന് കരാറിൽ ചേർത്തിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരനെതിരെ 2012-ൽ പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-4 പാലിയേറ്റീവ് പരിചരണം -അപാകതകൾ

പ്രോജക്ടിന്റെ പേര്-പാലിയേറ്റീവ് പരിചരണം

പ്രോജക്ട് നം -S0019/16

ബിൽ നം-01/2015-16 Rs.1,17,406/- c/o 14.09.2015
ബിൽ നം-02/2015-16 Rs.62,650/- c/o 19.12.2015
ബിൽ നം-03/2015-16 Rs.60,000/- c/o 23.02.2016
ബിൽ നം-03/2015-16 Rs.22,821/- c/o 21.03.2016

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ (പ്രോജക്ട് നം- എസ് 0019/16) നടത്തിപ്പിലേക്കായി വികസനഫണ്ടിൽ നിന്നും 2,62,877/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ഹോം കെയർ രജിസ്റ്ററിൽ 08/2015 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമാണ് വരുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.9/12-1-17)പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഹോം കെയർ രജിസ്റ്റർ ഒഴിവാക്കി നഴ്സ് സൂക്ഷിക്കുന്ന ഡയറിയിൽ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് എന്നാണ് മറുപടി നൽകിയത്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖകൾ (ജി.ഒ (എം.എസ്) 228/2012 തസ്വഭവ തിയതി 23.08.2012 & ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തിയതി 29.10.2015) പ്രകാരം പാലിയേറ്റീവ് നഴ്സ് തയ്യാറാക്കി സൂക്ഷിക്കേണ്ട പാലിയേറ്റീവ് ഹോം കെയർ റിപ്പോർട്ട് ബുക്കാണ് ഓരോ ദിവസത്തെയും ഗൃഹ സന്ദർശനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്ന ആധികാരിക രേഖ. ഹോം കെയർ തുടങ്ങിയ സമയം, രോഗികളുടെ വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, രോഗികളുടെ അവസ്ഥ, ടീമംഗങ്ങളുടെ വിവരം , ചെയ്ത സേവനങ്ങൾ, എന്നിവയെല്ലാം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

2015-16 സാമ്പത്തിക വർഷത്തെ പാലിയേറ്റീവ് പരിചരണത്തിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ ഹോം കെയർ റിപ്പോർട്ട് ബുക്ക് പ്രകാരം ഭവനസന്ദർശനം നടത്തിയ ആളുകളുടെ എണ്ണവും ഭക്ഷണച്ചെലവ് സംബന്ധിച്ച ബില്ലിലെ ആളുകളുടെ എണ്ണവും തമ്മിൽ യോജിക്കുന്നില്ല. ആയതിന് നല്കിയ മറുപടി , പങ്കെടുത്ത മുഴുവൻ ആളുകളും ഹാജർ രേഖപ്പെടുത്തുവാൻ വിട്ടുപോയി എന്നാണ്. എന്നാൽ, ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഹോം കെയർ റിപ്പോർട്ട് ബുക്ക് പ്രകാരമാണ് ഭവനസന്ദർശനം നടത്തുന്ന ദിവസങ്ങളിലെ വാഹന വാടക, ഭക്ഷണച്ചെലവ് എന്നിവ അനുവദിക്കുന്നത്.

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നിർദ്ദിഷ്ട രൂപത്തിലുള്ള ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ച് പ്രസ്തുത കമ്മറ്റി മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുണ്ട് . എന്നാൽ, മേൽ നിർദ്ദേശ പ്രകാരം രൂപീകൃതമായ കമ്മറ്റി നിർദ്ദിഷ്ട സമയ പരിധിയ്ക്കുള്ളിൽ യോഗം ചേരുകയോ പ്രവർത്തനങ്ങൾ വിലയിരുത്തുകയോ ചെയ്യുന്നില്ല. 2015-16 വർഷത്തിൽ ആകെ 2 യോഗങ്ങൾ മാത്രമാണ് കൂടിയിട്ടുള്ളത്.

പി.എം.സി.യുടെ നേതൃത്വത്തിൽ എല്ലാ മാസവും ഗ്രാമ പഞ്ചായത്തിൽ വച്ച് നടക്കുന്ന റിവ്യൂ മീറ്റിംഗ് / യോഗങ്ങൾ എന്നിവയ്ക്കായി 500/- രൂപ ചെലവഴിക്കുന്നുണ്ട്.2015-16 വർഷത്തിൽ ഇതിനായി 6,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിൽ ഈ വിധം തുക ചെലവ് ചെയ്യാൻ അനുവാദമില്ല.

പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പ്രകാരം പദ്ധതി നടപ്പിലാക്കി അധിക ചെലവുകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 <u>മീഡിയാശ്രീ-- പദ്ധതി നടപ്പായില്ല.</u>

S0077/16 -മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി 65000/-രൂപ (ബിൽ നം.ll/scp/15-16 dt.14.7.15) പ്രകാരം സ്റ്റേറ്റ്മിഷൻ കുടുംബശ്രീയ്ക്ക് നല്കിയിരുന്നു.തുക ലഭിച്ച് 60 ദിവസത്തിനുള്ളിൽ സ്ഥാപനത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കി ചിത്രത്തിന്റെ 10 പകർപ്പ് കൈമാറണം എന്നാണ് പഞ്ചായത്ത് സെക്രട്ടറിയും കുടുംബശ്രീമിഷൻ ഡയറക്ടറും തമ്മിൽ ഒപ്പുവച്ച കരാർവ്യവസ്ഥ.പദ്ധതി നടപ്പാക്കിയതു സംബന്ധിച്ച് നല്കിയ എൻക്വയറിയ്ക്ക് (നം.10/12-1-17) ഡോക്യുമെന്ററി എടുത്തിട്ടുണ്ടെന്നും കരാറിലെ മറ്റ് വ്യവസ്ഥകൾ നടപ്പാക്കിയിട്ടില്ല എന്നും തുകയുടെ

വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല എന്നും അസി.സെക്രട്ടറി മറുപടി ഹാജരാക്കി.ഈ കാരണങ്ങളാൽ ചെലവ് തുക 65000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഓണം അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം, ശ്രീ.മനീഷ്.ഇ.ആർ, ക്ലാർക്ക് ഓണം അഡ്വാൻസ് ഇനത്തിൽ 2015-16 വർഷത്തിൽ കൈപ്പറ്റിയ 10,000/- രൂപയിൽ 2,000/-രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് (8/12-1-17) അന്വേഷണത്തിന് ടിയാൾ നിലവിൽ ജോലി ചെയ്യുന്ന ഓഫീസിൽ തുക ഒടുക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 DSRനേക്കാൾ അധികനിരക്ക് നൽകി

ബിൽ നം. 7/15-16 തീയതി.13.08.2015 145842/-

പ്രോജക്ട് നം.S0060/16 രാമങ്കരി പാലം മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ 2-ാം ഇനം providing and laying in position cement concrete of specified grade excluding the cost of centering and shuttering - All work upto plinth level 1:4:8 using 40mm graded stone aggregate എന്നതിന് ഗുണഭോക്തൃസമിതിക്ക് DAR Item no. 4.1.8 പ്രകാരം നൽകാവുന്ന നിരക്ക് 4704.81/$m^3$ ആണ്. എന്നാൽ 4929.50 / $m^3$ നിരക്ക് ആണ് നൽകിയിട്ടുള്ളത്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് 14.01.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഇനത്തിന് അളവ് പുസ്തകം നം.6/15-16 പ്രകാരം 6.60 $m^3$ അളവ് രേഖപ്പെടുത്തുകയും 4929.50 / $m^3$ നിരക്ക് പ്രകാരം 35534.70 രൂപ ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. രാജേഷ് കുമാറിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അധിക നിരക്ക് നൽകിയതുമൂലമുള്ള നഷ്ടം 1483/- രൂപ (6.6$m^3$x224.69) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്.

പ്രോജക്റ്റ് നം. s0007/16

നിർവ്വഹണം : ഐസിഡിഎസ്സ് സൂപ്പർവൈസർ

അടങ്കൽ 360000

ബിൽ നം. 06/25-02-2016 (180000)

ഐസിഡിഎസ്സ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയുടെ ആകെ അടങ്കൽ 360000/- രൂപയാണ്. ഇതിൽ 180000 രൂപ (ബിൽ നം. 06/25-02-2016) പദ്ധതിവിഹിതമായും, ബാക്കിയുള്ള 180000 രൂപ 90000/- രൂപ വീതം ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതവുമായാണ് ലഭിച്ചിട്ടുള്ളത്. പണം മുഴുവൻ ചെലവഴിച്ചിട്ടുണ്ടെങ്കിലും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ചിട്ടുള്ള തുക ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല. കൂടാതെ, ആനുകൂല്യം ലഭിച്ച കുട്ടികൾ ഏത് ക്ലാസ്സിൽ പഠിക്കുന്നുവെന്നോ, അവർ എത് തരത്തിലുള്ള വൈകല്യമുള്ളവരാണെന്നോ, ഉള്ള വിവരങ്ങളും ലഭ്യമല്ല. ഇവരുടെ അപേക്ഷകളും ഹാജരാക്കിയിട്ടില്ല. കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറാനായി ബാങ്കിൽ നൽകിയ തുക, ബാങ്കിൽ സ്വീകരിക്കപ്പെട്ടുവെന്ന് തെളിയിക്കുന്ന ബാങ്ക് അധികൃതർ നൽകുന്ന ഔദ്യോഗിക രേഖകൾ എന്നിവ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/12-01-2017) മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ ചെലവ് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ 18,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ

പ്രോജക്റ്റ് നം. s0079/16

നിർവ്വഹണം : എച്ച്.എം. ഗവ.യുപിഎസ്സ്, വേഴപ്ര.

അടങ്കൽ 135000

ചെലവ് 85500/- ബിൽ നം. 04/23-03-2016

വേഴപ്ര ഗവ.യുപിഎസ്സ്, പ്രധാനാധ്യാപിക നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ 15ആൺകുട്ടികൾക്കും, 10 പെൺകുട്ടികൾക്കുമായി ആകെ 25 കുട്ടികൾക്കാണ് സൈക്കിൾ വിതരണം നടത്തിയിട്ടുള്ളത്. ഇത് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകിയ കുട്ടികളുടെ ലിസ്റ്റും ഫയലിനൊപ്പമില്ല. എന്നു മാത്രമല്ല, ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചതിന് ശേഷവും സ്കൂളുകളിൽ നിന്നും കുട്ടികളുടെ ലിസ്റ്റ് ആവശ്യപ്പെട്ടതായി കാണുന്നു. 32 പേരുൾപ്പെട്ട ഗുണഭോക്തൃലിസ്റ്റ് യോഗം അംഗീകരിക്കുന്നത് 25-08-2015 ൽ യോഗതീരുമാനം നം. 1(10) പ്രകാരമാണ്. എന്നാൽ ലിസ്റ്റ് അംഗീകരിച്ചതിന് ശേഷവും, താഴെപ്പറയുന്ന സ്കൂളുകളിൽ നിന്നും ലിസ്റ്റ് കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു.

1) ഗവ. ഹൈസ്കൂൾ, കൊടുപ്പുന്ന. തീയതി. 18-09-2015

2) മിത്രക്കരി സെ. സേവിയേഴ്സ് എച്ച്.എസ്സ്. തീയതി. 22-09-2015

3) രാമങ്കരി എൻഎസ്സ്എസ്സ് (തീയതി രേഖപ്പെടുത്തിയിട്ടില്ല).

സൈക്കിളുകൾ കൈപ്പറ്റിയ കുട്ടികൾ, പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഈ ആനുകൂല്യം നേരത്തെ കൈപ്പറ്റിയിരുന്നില്ല എന്ന് തെളിയിക്കുന്ന രേഖകളും ഫയലിനൊപ്പമില്ല. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/11-01-2017) മറുപടിയും ലഭ്യമാക്കിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ലൈബ്രറി സെസ്സിനത്തിൽ ലഭിച്ച തുക ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നില്ല

2015-16 വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ്,തനത് ഫണ്ട് വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ ലൈബ്രറി സെസ്സിനത്തിൽ 39,085/-രൂപ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കാതെ ബാക്കി നില്ക്കുന്നു.സർക്കുലർ നം.10088/എൽ3/ 05 ത.സ്വ.ഭ.വ 20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സിനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിൽ അടയ്ക്കണം ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തിയാൽ ടി തുകയ്ക്ക് 2% പിഴപ്പലിശ സഹിതം ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതുണ്ട്. തുക അടവാക്കേണ്ടതാണ്.

## 3-11 ചലഞ്ച്ഫണ്ട് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

കുടുംബശ്രീമിഷനിൽ നിന്നും 29.3.16 ൽ ചെക്ക് നം.1511056 /8.3.16 പ്രകാരം ചലഞ്ച്ഫണ്ട് 2,79,667/-രൂപ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്.എന്നാൽ ഈ തുക കുടുംബശ്രീ വിഭാഗത്തിന് കൈമാറിയട്ടില്ല. 2017ജനുവരിയിൽ 1,00,000/- രൂപ കൈമാറിയിട്ടുണ്ടെന്നും ബാക്കി തുക ഉടൻ നല്കുമെന്നും സെക്രട്ടറി (ഓഡിറ്റ് അന്വേഷണം നം.10/12-1-17) മറുപടി ഹാജരാക്കി. ആശ്രയഗുണഭോക്താക്കളുടെ അടിയന്തിരാവശ്യത്തിന് ലഭ്യമാകുന്ന ചലഞ്ച് ഫണ്ട് പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിക്ഷേപിച്ച് ദൈനംദിന ചെലവുകൾക്ക് ഉപയോഗിക്കുന്നത് ശരിയായ പ്രവണതയല്ല. തുക കൈമാറുകയും കുടുംബശ്രീയുടെ ചെലവുകൾ ചാർജ് ഓഫീസർ പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

## 3-12 തെരുവ് വിളക്ക് വൈദ്യുത ചാർജ് - ഓർഡിനറി ബൾബുകളുടെ ഉപയോഗം വൈദ്യുത ചാർജ്ജ് കൂടുതൽ അടവാക്കുന്നു.

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജിന്റെ താരിഫ് റിവിഷൻ സംബന്ധിച്ച കെ.എസ്.ഇ.ബി യുടെ കത്ത് പ്രകാരം 60w ന്റെ 176 ഓർഡിനറി ബൾബുകളും, ഡബിൾ ട്യൂബ് സെറ്റ് 80w ന്റെ 80 എണ്ണവും ,40w ന്റെ സിംഗിൾ ട്യൂബ് സെറ്റ് 20എണ്ണവും ഇപ്പോഴും ഉപയോഗിക്കുന്നതായി രേഖപ്പെടുത്തി ചാർജ് ഈടാക്കുന്നുണ്ട്.

താരിഫ് കാർഡ് പ്രകാരം സി.എഫ്.എൽ ബൾബിന് 12 മണിക്കൂർ പ്രവർത്തിക്കുന്നതിന് പ്രതിമാസം വളരെ കുറഞ്ഞ ചാർജ് ഈടാക്കുമ്പോൾ ഓർഡിനറി ബൾബുകൾക്ക് പവറിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്നതിന് ഉയർന്ന നിരക്കാണ് ഒടുക്കേണ്ടി വരുന്നത്.വിശദാംശം ചുവടെ ചേർക്കുന്നു.

| ലൈറ്റിന്റെ തരം | പവർ | എണ്ണം | റേറ്റ്--12 hr-ഒരെണ്ണം/മാസം | ആകെ |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 60w | 176 | 94 | 16544 |
| ട്യൂബ് (ഡബിൾ) | 80w | 80 | 124 | 9920 |
| ട്യൂബ് (സിങ്കിൾ) | 40w | 20 | 61 | 1220 |
| ആകെ | | 276 | | 27684 |

ഓർഡിനറി ബൾബുകളുടെയും ട്യൂബ് സെറ്റുകളുടേയും ഉപഭോഗം പരമാവധി കുറച്ച് ആ സ്ഥാനത്ത് സി.എഫ്.എൽ, എൽ.ഇ.ഡി ലാമ്പുകളാക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് ചെലവ് പരമാവധി കുറയ്ക്കാൻ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നല്കുന്നതിൽ വിമുഖത

ആശ്രയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 17ഗുണഭോക്താക്കൾക്ക് വീട്, 10 പേർക്ക് ഭൂമി,10 പേർക്ക് മെയിന്റനൻസ് എന്നീ ആവശ്യങ്ങൾ നിലനില്ക്കുന്നു.എന്നാൽ ഏതാനും വർഷങ്ങളായി ആശ്രയ ഗുണഭോക്താക്കൾക്കായി ഭക്ഷ്യധാന്യവിതരണം ഒഴികെ പദ്ധതികൾ നടപ്പാക്കുന്നില്ല.ഫണ്ടിന്റെ അപര്യാപ്തത മൂലമാണെന്നാണ് ഓഡിറ്റ് അന്വേഷണം 10/12-1-17 ന് വിശദീകരണം ലഭ്യമാക്കിയത്.ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആശ്രയഗുണഭോക്താക്കളുടെ ആവശ്യങ്ങൾ വരും വർഷങ്ങളിൽ സാക്ഷാത്ക്കരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 വെള്ളക്കരം - സംയുക്ത പരിശോധന റിപ്പോർട്ട് -ഹാജരാക്കിയിട്ടില്ല

തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന 169സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ടാപ്പൊന്നിന് 5250 രൂപ നിരക്കിൽ 2015-16 വർഷം 8,87,256/- രൂപ (73938/-X12) കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, അസി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിയുടെ കെ.എസ്.212/2011, തീയതി-30.11 2011 പ്രകാരം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ, ജോയിന്റ് പരിശോധന നടത്തിയതിന്റെ വിവരമോ റിപ്പോർട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 12ാം പദ്ധതി കാലയളവിൽ ഗാർഹിക കുടിവെള്ള പദ്ധതി നടപ്പിലാക്കിയതിന്റെ വിവരം, ഫയൽ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനും (നം.20/13-1-17) മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 നെൽവിത്ത് വിതരണം--തുക ക്യാഷായി നല്കി.

2015-16 ൽ കെ.എസ്.എസ്.ഡി.എ തൃശ്ശൂർ ൽ നിന്നും നെൽവിത്ത് വാങ്ങിയതിന്റെ സബ്സിഡി തുക 44471/- രൂപ കളർകോട് കളക്ഷൻ സെന്ററിൽ നല്കിയതായി സ്ഥാപനത്തിന്റെ രസീത് പ്രകാരം കാണുന്നു. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും ചെക്ക് നം.9613549 /29.3.16 പ്രകാരം പിൻവലിച്ചെങ്കിലും ക്യാഷായി നല്കിയത് ക്രമപ്രകാരമല്ല.

ജി.ഒ(പി). 177/2006 ധനം.12.4.2006 ഉത്തരവിൽ 1000/- രൂപയിൽ കൂടുതലുള്ള തുകയുടെ ചെലവുകൾ ചെക്ക് / ഡിഡി ആയി മാത്രം നല്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. ഇതിന് വിപരീതമാണ് ചെലവ് തുക ക്യാഷായി വിതരണം നടത്തിയത്. ഇപ്രകാരമുള്ള ഇടപാടുകൾ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്ക് കാരണമാകായേക്കാം. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി--പകുതിയിലേറെ പ്രവർത്തിക്കുന്നില്ല.

തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതിയിൽ 2*15w CFL 194 എണ്ണം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് സപ്ലൈയും സ്ഥാപിക്കലും നടത്തിയിട്ടുണ്ട്.ആകെ 2,89,060/- രൂപ ഈ പദ്ധതിയ്ക്കായി വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്.(ബിൽ നം.520/16 dt.21.11.16)ഇവയിൽ 121 വിളക്കുകൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി 17.8.16

ൽ റിപ്പോർട്ട് ചെയ്തു. സ്ഥാപനം സ്വീകരിച്ച നടപടി, വാർഡ് മെമ്പർമാർ മുഖേന ലൈറ്റുകളുടെ കൃത്യമായ പ്രവർത്തന വിവരം എന്നിവ നല്കാൻ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം.1/11-1-17 മുഖേന) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം റിപ്പയറിംഗ് നടത്തി വരുന്നു എന്നല്ലാതെ മറ്റു വിവരങ്ങൾ നൽകിയിട്ടില്ല. പ്രവർത്തന ക്ഷമമല്ലാത്ത ലൈറ്റുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തി അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. ലക്ഷങ്ങൾ ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ തുടർ പ്രവർത്തനം കൂടി വിലയിരുത്തേണ്ടതും പ്രയോജനം ഗുണഭോക്താക്കളിൽ എത്തിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന

1. മുൻവർഷ ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിൽ തൊഴിൽ നികുതി (ട്രേഡേഴ്സ്) 8850/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (7050+1800).തൻവർഷത്തെ വാർഷിക കണക്കിൽ Rp 43 ൽ ഇത് 12820/- കളക്ട് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. തൻവർഷ തൊഴിൽ നികുതി (ജീവനക്കാരുടെ)7850/- രൂപ രജിസ്റ്റർ പ്രകാരം കുടിശ്ശിക ഉണ്ട്.ഇത് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.
3. വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തി വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട്, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കുകളുടെ മൂല്യം എന്നിവ തയ്യാറാക്കുന്നില്ല.

**4-2.** സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

**4-3.** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

**4-4.** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

**4-5.** വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

**4-6.** സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 822555 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 822555 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 822555 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| | |
|---|---|
| സബ് ട്രഷറി, മങ്കൊമ്പ്, TFD5220 | 822555 |

| | |
|---|---|
| ആകെ | 822555 |

**4-7.** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 908/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2013-14 | 2-2 ബി | 558 | പോസ്റ്റ് മാസ്റ്റർ, വേഴപ്ര | 11502100900/19.12.2015 |
| | 2-2 സി | 50 | സജിമോൻ.കെ.എസ്, PTCM, LPS, വേഴപ്ര | 11602100552/19.07.2016 |
| | " | 50 | ഇന്ദിര.ആർ, PTCM, LPS, വേഴപ്ര | 11602100553/19.07.2016 |
| | " | 250 | സുനിൽകുമാർ.എസ്, പോലീസ് സ്റ്റേഷൻ, രാമങ്കരി | 11502101040/13.01.2016 |
| ആകെ | | 908 | | |

**4-8.** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2-4 | 2012-13 | 2-4 | ഫ്രണ്ട് ഓഫീസ് താഴത്തെ മുറിയിലേക്ക് മാറ്റൽ | മാറ്റി സ്ഥാപിച്ച് വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 19531962 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 28786618 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 18248 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 332500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-3(1) | | 16765 | ആശ രാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 1483 | ശ്രീമതി. ശില്പ ജോസഫ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | **18248** | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 65000 | എം.പി.ഹരികൃഷ്ണൻ, അസി. സെക്രട്ടറി |
| 3-6 | 2000 | സന്തോഷ് മാത്യു, സെക്രട്ടറി |
| 3-7 | 180000 | ഷീല ദേവസ്യ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-8 | 85500 | ആരിഫ ബീവി,<br>പ്രധാനാധ്യാപിക ഗവ.യു.പി.എസ്, വേഴപ്ര |
| ആകെ | 332500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | കുറിപ്പ് |
|---|---|---|
| 3-1 | 19250 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സന്തോഷ് മാത്യു, സെക്രട്ടറി | സെക്രട്ടറി,<br>വീയപുരം ഗ്രാമ പഞ്ചായത്ത് | കളത്തൂർ,<br>പാണ്ടങ്കരി, എടത്വ |
| ആശ രാജ്.ആർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി, രാമങ്കരി ഗ്രാമ പഞ്ചായത്ത് | തുണ്ടിയിൽ,<br>കിടങ്ങറ പി.ഒ,<br>രാമങ്കരി |
| ശില്പ ജോസഫ്,<br>അസി.എഞ്ചിനീയർ | - | വില്ല നം.3, മസ്ജിദ് റോഡ്,<br>ബാവരപ്പറമ്പ്, തമ്മനം പി.ഒ.<br>കൊച്ചി |
| എം.പി.ഹരികൃഷ്ണൻ,<br>അസി. സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്,<br>പെർഫോമൻസ് ഓഡിറ്റ്,<br>ആര്യാട് | അശ്വതി നിവാസ്,<br>പുന്നപ്ര പി.ഒ, ആലപ്പുഴ |
| ഷീല ദേവസ്യ,<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | സി.ഡി.പി.ഒ, കിടങ്ങൂർ | തെക്കേ പാലയ്ക്കൽ,<br>പാതിരാപ്പള്ളി പി.ഒ,<br>ആലപ്പുഴ |
| ആരിഫ ബീവി,<br>പ്രധാനാധ്യാപിക | പ്രധാനാധ്യാപിക<br>ഗവ.ടൗൺ എൽ.പി.എസ്,<br>ആലപ്പുഴ | ഖാദർ ഭവൻ,<br>അവലൂക്കുന്ന് പി.ഒ,<br>സൗത്ത് ആര്യാട്, ആലപ്പുഴ |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1994—95, 1995-96 | എൽ.എഫ്.എ10/937/97/30.05.1999 | |
| 1999-2000 | എൽ.എഫ്. എ14/982/01/22.10.2001 | |
| 2006-07 | എൽ.എഫ്.ജി.എ5/1578/13/21.05.2014 | |
| 2007-08 | | |
| 2008-09 | | |
| 2009-10 | | |
| 2010-11 | എൽ.എഫ്.പി 10/1294/12 / 19.11.2012/12.12.2012 | |
| 2011-12 | എൽ.എഫ്.പി 10/190/14 / 25.04.2014/15.07.2014 | |
| 2012-13 | | |
| 2013-14 | കെ.എസ്.എ.പി.ഇസഡ്.പി10/1086/15/06.08.2015 | |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി10-641/16/09.06.2016/25.07.2016 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കെ.എസ്.എ-എ.എൽ.പി-പി10-45 /17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.
ഫോൺ – 0477-2252753,
ഇ-മെയിൽ – ddhglfalpy@gmail.com

തീയതി:23-1-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

KSA-ALP-P .10-45/17

Kerala State Audit Department,
District Audit Office, Alappuzha,
email : ddhglfalpy@gmail.com

Ph : 0477-2252753

Date: 23/1/2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Ramankary Grama panchayat in Alappuzha district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ramankary Grama panchayat for the year 2015-16 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department,
Alappuzha,